ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം
06-12-2025

**കാര്യവിജയത്തിന് ഭഗവതി സേവ; മാളികപ്പുറത്തെ പൂജാവിധികൾ വിശദീകരിച്ച് മേൽശാന്തി**

കാര്യവിജയത്തിന് ഉത്തമമായ ഭഗവതി സേവയാണ് മാളികപ്പുറത്തെ പ്രധാന വഴിപാടെന്ന് മേൽശാന്തി മനു നമ്പൂതിരി. ക്ഷേത്രത്തിലെ പൂജാവിധികളെക്കുറിച്ചും പ്രധാന വഴിപാടുകളെക്കുറിച്ചും വിശദീകരിക്കുകയായിരുന്നു അദ്ദേഹം. ദുർഗ്ഗാദേവിക്ക് സമർപ്പിക്കുന്ന ഈ പൂജ, ദിവസവും ദീപാരാധനയ്ക്ക് ശേഷം ഭഗവതീമണ്ഡപത്തിൽ വെച്ചാണ് നടക്കുന്നത്. ഉഷ പൂജ, ഉച്ച പൂജ, അത്താഴ പൂജ എന്നിങ്ങനെ മൂന്ന് നേരത്തെ പൂജകളാണ് ക്ഷേത്രത്തിൽ പ്രധാനമായും ഉള്ളത്. ഭഗവതി സേവയെക്കൂടാതെ മഞ്ഞൾപ്പറ, പട്ട് സമർപ്പണം എന്നിവയാണ് മാളികപ്പുറത്തമ്മയുടെ മറ്റ് പ്രധാന വഴിപാടുകൾ.

ശ്രീധർമ്മ ശാസ്താവിന്റെ സേനാനായകനായ കൊച്ചുകടുത്തസ്വാമി, നവഗ്രഹങ്ങൾ, മലദൈവങ്ങൾ, നാഗങ്ങൾ, ഗണപതി ഭഗവാൻ എന്നീ ഉപദേവതാ പ്രതിഷ്ഠകളും ക്ഷേത്രസന്നിധിയിലുണ്ട്. ഇവർക്കും പ്രത്യേകം പൂജകൾ സമർപ്പിക്കുന്നുണ്ട്. ശബരിമലയുടെയും മാളികപ്പുറത്തിന്റെയും പവിത്രത കാത്തുസൂക്ഷിക്കേണ്ടത് ഓരോ ഭക്തന്റെയും കടമയാണെന്ന് മേൽശാന്തി ഓർമ്മിപ്പിച്ചു. ക്ഷേത്രപരിസരം ശുചിത്വത്തോടെ സംരക്ഷിക്കാൻ ഭക്തർ ശ്രദ്ധിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

## രോഗപ്രതിരോധത്തിലൂന്നി സന്നിധാനം ഗവ. ഹോമിയോ ഡിസ്പെൻസറി; 1700 പേർക്ക് പ്രതിരോധ മരുന്ന് നൽകി

മണ്ഡലകാല – മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനത്ത് പ്രവർത്തിക്കുന്ന സർക്കാർ ഹോമിയോ ഡിസ്പെൻസറി തീർത്ഥാടകർക്കും ജീവനക്കാർക്കും ആശ്വാസമാകുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ഡിസ്പെൻസറിയിൽ 1700–ഓളം പേർക്ക് ചിക്കൻപോക്സ് പ്രതിരോധ മരുന്ന് നൽകിയതായി ഡിസ്പെൻസറി ചാർജ് ഓഫീസർ ഡോ. വിവേക് വി. ദേവൻ അറിയിച്ചു.

സന്നിധാനത്തെ പോലീസ് ക്യാമ്പിൽ ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്ത സാഹചര്യത്തിലാണ് അടിയന്തരമായി 1700 പേർക്ക് പ്രതിരോധ മരുന്ന് വിതരണം ചെയ്തത്. ഹോമിയോപ്പതി വകുപ്പിന് കീഴിൽ രണ്ട് ഡോക്ടർമാരും ഫാർമസിസ്റ്റും ഉൾപ്പെടെ ആറ് ജീവനക്കാരാണ് ഇവിടെ സേവനമനുഷ്ഠിക്കുന്നത്. മൂന്ന് ഷിഫ്റ്റുകളിലായാണ് ഡിസ്പെൻസറിയുടെ പ്രവർത്തനം ക്രമീകരിച്ചിരിക്കുന്നത്.

കാലാവസ്ഥാ മാറ്റം മൂലമുണ്ടാകുന്ന അസുഖങ്ങൾ, തണുപ്പ് കാരണമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ, പനി, ജലദോഷം, വയറുസംബന്ധമായ അസുഖങ്ങൾ എന്നിവയ്ക്കാണ് ഭൂരിഭാഗം പേരും ഇവിടെ ചികിത്സ തേടുന്നത്. മലകയറ്റവുമായി ബന്ധപ്പെട്ട് തീർത്ഥാടകർക്ക്, പ്രത്യേകിച്ച് മുതിർന്ന പൗരന്മാർക്ക് ഉണ്ടാകുന്ന കാൽവേദന, മുട്ടുവേദന എന്നിവയ്ക്കും ഫലപ്രദമായ ചികിത്സ ലഭ്യമാണ്.

തീർത്ഥാടകരെ കൂടാതെ ജീവനക്കാർ, പോലീസ് ഉദ്യോഗസ്ഥർ, സന്നിധാനത്തെ മറ്റ് തൊഴിലാളികൾ എന്നിവരും സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ദിവസേന നൂറിലധികം രോഗികളാണ് ചികിത്സ തേടി ഇവിടെ എത്തുന്നതെന്ന് ഡിസ്പെൻസറി ചാർജ് ഓഫീസർ പറഞ്ഞു.

## സന്നിധാനത്ത് വേണുഗാനാമൃതമൊഴുക്കി വനപാലകൻ; ഭക്തമനസ്സുകളിൽ കുളിർമഴ

വലിയ നടപ്പന്തലിൽ ദർശനപുണ്യം കാത്ത് വരിനിന്ന അയ്യപ്പഭക്തർക്ക് ഭക്തിയുടെ കുളിർമഴയായി സന്നിധാനം ശ്രീധർമ്മശാസ്താ ഓഡിറ്റോറിയത്തിൽ നിന്നൊഴുകിയെത്തിയത് വേണുഗാനത്തിന്റെ അമൃതധാര. മലയാറ്റൂർ ഡിവിഷനിലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ ബാലസുബ്രഹ്മണ്യനാണ് പുല്ലാങ്കുഴലിൽ നാദവിസ്മയം തീർത്ത് സന്നിധാനത്തെ ഭക്തിസാന്ദ്രമാക്കിയത്.

'ശബരിമലയിൽ തങ്കസൂര്യോദയം', 'ചെത്തി മന്ദാരം തുളസി', 'സ്വാമി സംഗീതമാലപിക്കും' തുടങ്ങിയ ക്ലാസിക് ഭക്തിഗാനങ്ങൾ മുളന്തണ്ടിലൂടെ ഒഴുകിയപ്പോൾ ഭക്തർക്ക് അതൊരു നവ്യാനുഭവമായി. 'കലിയുഗം വാഴും വേൽമുരുകൻ', 'മഹിഷാസുരന്റെ പ്രതിയോഗി', 'കണികാണും നേരം' തുടങ്ങിയ ഗാനങ്ങളും കരഘോഷങ്ങളോടെയാണ് സദസ്സ് ഏറ്റുവാങ്ങിയത്. വൈകുന്നേരത്തെ തിരക്കിനിടയിലും കാടിന്റെ കാവൽക്കാരന്റെ സംഗീതാർച്ചന അയ്യപ്പസന്നിധിയിൽ വേറിട്ട അനുഭവമായി.

## പതിവുതെറ്റാതെ അയ്യന് കാഴ്ചദ്രവ്യങ്ങൾ സമർപ്പിച്ച് അഗസ്ത്യാർകൂടം ഗോത്രസംഘം

അഗസ്ത്യാർകൂടത്തിന്റെ മടിത്തട്ടിൽ നിന്ന് വ്രതശുദ്ധിയോടെ ശേഖരിച്ച കാഴ്ച്ചദ്രവ്യങ്ങൾ കാണിഗോത്ര പ്രതിനിധികൾ അയ്യപ്പസ്വാമിക്ക് സമർപ്പിച്ചു. തിരുവനന്തപുരം കോട്ടൂർ വനമേഖലയിൽ നിന്നെത്തിയ 167 പേരടങ്ങുന്ന സംഘമാണ് പതിവുതെറ്റിക്കാതെ ഇത്തവണയും മലചവിട്ടി ദർശനസായൂജ്യം നേടിയത്. സംഘനേതാവ് വിനോദ് കുമാറിന്റെ നേതൃത്വത്തിൽ 27 കുട്ടികളും 14 ഓളം മാളികപ്പുറങ്ങളും അടങ്ങുന്ന സംഘം മൂന്ന് കെ.എസ്.ആർ.ടി.സി ബസുകളിലായാണ് പമ്പയിലെത്തിയത്. അയ്യപ്പൻ എന്നു പേരുള്ള ഭിന്നശേഷിക്കാരനായ അംഗവും സംഘത്തിലുണ്ട്.

മുളങ്കുറ്റിയിൽ നിറച്ച കാട്ടുചെറുതേനും, ഈറ്റയിലും അരിചൂരലിലും മെനഞ്ഞ പൂജാപാത്രങ്ങളും കാട്ടുകുന്തിരിക്കവും കരിമ്പും കാട്ടിൽ വിളഞ്ഞ കദളിക്കുലകളും കാട്ടുപൂക്കളും അടങ്ങുന്ന വനവിഭവങ്ങളാണ് ഇവർ അയ്യന് കാഴ്ച്ചയർപ്പിച്ചത്.

പരിസ്ഥിതി സൗഹാർദ്ദമായ തീർത്ഥാടനം എന്ന സന്ദേശം കൂടിയാണ് ഇവരുടെ യാത്ര നൽകുന്നത്. വനത്തിനുള്ളിൽ നിന്നും വ്രതശുദ്ധിയോടെ ശേഖരിക്കുന്ന കാഴ്ച്ചദ്രവ്യങ്ങൾ കാട്ടുകൂവ ഇലകളിലാണ് പൊതിഞ്ഞെടുക്കുന്നത്. തലച്ചുമടായാണ് ഇവ സന്നിധാനത്തെത്തിച്ചത്.



നൂറ്റാണ്ടുകൾക്ക് മുൻപ് അഗസ്ത്യവനത്തിൽ നിന്ന് പശ്ചിമഘട്ട വനനിരകളിലൂടെ കാൽനടയായി വന്ന് ദർശനം നടത്തിയിരുന്ന പൂർവികരുടെ സ്മരണ പുതുക്കിയാണ് ഇവർ എത്തുന്നത്. തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിലെ പറ്റാംപാറ, കുന്നത്തേരി, പ്ലാവിള, കമലകം, മുക്കോത്തി വയൽ, കൊമ്പിടി, ചേനാംപാറ, മാങ്കോട്, മുളമൂട്, പാങ്കാവ് എന്നീ ഉന്നതികളിൽ നിന്നും തമിഴ്നാട് കന്യാകുമാരി ജില്ലയിലെ പ്രാവിള, കോരയാർ, ആറുകാണി എന്നിവിടങ്ങളിൽ നിന്നുമുള്ളവരാണ് സംഘത്തിലുള്ളത്. കഴിഞ്ഞ മണ്ഡലകാലത്ത് 145 പേരായിരുന്നു സംഘത്തിലുണ്ടായിരുന്നത്. ഇത്തവണ അംഗസംഖ്യ വർദ്ധിച്ചു. കോട്ടൂർ മുണ്ടണി മാടൻ തമ്പുരാൻ ക്ഷേത്ര ട്രസ്റ്റിന്റെ നേതൃത്വത്തിലാണ് യാത്ര.

# ശബരിമല സന്നിധാനത്ത് ആൽമരത്തിൽ തീപടർന്നു; ഫയർഫോഴ്സ് തീയണച്ചു

സന്നിധാനത്തെ ആഴിക്ക് സമീപമുള്ള ആൽമരത്തിൽ തീപടർന്നത് ഫയർഫോഴ്സിന്റെ സമയോചിതമായ ഇടപെടലിനെ തുടർന്ന് മിനിറ്റുകൾക്കുള്ളിൽ കെടുത്തി. ഞായറാഴ്ച രാവിലെ 8.20-ഓടെ ആൽമരത്തിൽ അലങ്കാരത്തിനായി സ്ഥാപിച്ചിരുന്ന എൽ.ഇ.ഡി ലൈറ്റുകളിൽ നിന്നുണ്ടായ ഷോർട്ട് സർക്യൂട്ടാണ് തീപിടുത്തത്തിന് കാരണമായത്.

സന്നിധാനം ഫയർഫോഴ്സ് കൺട്രോൾ റൂമിലെ ഉദ്യോഗസ്ഥരായ സതീഷ് കുമാർ കെ.വി, കലേഷ് കുമാർ കെ, സതീഷ് കുമാർ ടി, ബിനു കുമാർ പി, വി. സുരേഷ് കുമാർ, നന്ദകുമാർ വി.വി എന്നിവരും സിവിൽ ഡിഫൻസ് അംഗങ്ങളായ അജിത്ത് കുമാർ, ജിതേഷ് എന്നിവരുമടങ്ങിയ സംഘമാണ് അഗ്നിരക്ഷാപ്രവർത്തനം നടത്തിയത്.

സംഭവത്തെത്തുടർന്ന് മുൻകരുതലിന്റെ ഭാഗമായി പതിനെട്ടാം പടിയിലേക്കുള്ള അയ്യപ്പഭക്തരുടെ പ്രവേശനം അൽപ്പസമയം നിർത്തിവെച്ചെങ്കിലും, സ്ഥിതി പൂർണ്ണമായും നിയന്ത്രണവിധേയമായതോടെ അയ്യപ്പദർശനം സാധാരണനിലയിലായി.